ഫയർ & റെസ്ക്യൂ സർവ്വീസസിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറുടെ തസ്തികയിലേക്കുള്ള പ്രൊമോഷൻ

220 (6370) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ & റെസ്ക്യൂ സർവ്വീസസിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറുടെ തസ്തികയിലേക്ക് ഏത് അനുപാതത്തിലാണ് ഫയർമാൻ/ ഡ്രൈവർ തസ്തികയിൽനിന്നും പ്രൊമോഷൻ നൽകുന്നത് ;

(ബി) പ്രൊമോഷൻ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ഡ്രൈവർമാർ പരാതി നല്കിയിട്ടുണ്ടോ ;

(സി) സ്പെഷ്യൽ റൂൾസ് നിലവിലുള്ള ഒരു കാര്യത്തിൽ ജനറൽ റൂൾ ബാധകമാക്കിയത് സംബന്ധിച്ച പരാതിയിൽ എന്ത് തീരുമാനമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് ഫയർമാൻ/ ഡ്രൈവർ എന്നീ തസ്തികകളിൽ നിന്നും നേരിട്ട് സ്ഥാനക്കയറ്റം നൽകാറില്ല. ലീഡിംഗ് ഫയർമാൻ, ഡ്രൈവർ മെക്കാനിക്ക് എന്നീ കാറ്റഗറികളിൽ നിന്നും യഥാക്രമം 9:1 റേഷ്യോയിലാണ് സ്ഥാനക്കയറ്റം നൽകുന്നത്.

(ബി & സി) ഡ്രൈവർ മെക്കാനിക്കുമാരിൽ നിന്നും ലഭിച്ച പരാതി പരിശോധിച്ചുവരുന്നു.

വിജിലൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയാ പേജിന്റെ പ്രവർത്തനം

221 (6371) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയാ പേജിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സോഷ്യൽ മീഡിയാ പേജുവഴി എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പൊതുജനങ്ങൾക്ക് അഴിമതിയെക്കുറിച്ചുള്ള പരാതി അയയ്ക്കാനും അവയ്ക്ക് പരിഹാരം കാണാനും എന്തെല്ലാം സംവിധാനമാണ് ഇതിലുള്ളത് ;

(ഡി) ഇത് സംബന്ധിച്ച് അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പ്രചരണ പരിപാടികളാണ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly